**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പരപ്പനങ്ങാടി ഉപജില്ല കലോത്സവം 2016 – പരപ്പനങ്ങാടി ഉപജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്നും ഗ്രാമപഞ്ചായത്തുകളിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. **3248**/2016/തസ്വഭവ തിരുവനന്തപുരം, തീയതി, 30/11/2016

പരാമർശം:- 1. പരപ്പനങ്ങാടി വിദ്യാഭാസ ഉപജില്ല കലോത്സവംജനറൽ കൺവീനറിന്റെ 8.11.2016-ാം തീയതിയിലെ കത്ത്.

2. സ.ഉ.(എം.എസ്))58/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

പരപ്പനങ്ങാടി വിദ്യാഭാസ ഉപജില്ല കേരള സ്കൂൾ കലോത്സവം 2016-17 ചേലമ്പ്ര പഞ്ചായത്തിലെ നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ഡിസംബർ 7,8,9,10 എന്നീ തീയതികളിൽ നടക്കുന്നതായും ടി കലോത്സവത്തിന്റെ സംഘാടന ചെലവുകൾക്ക് പരപ്പനങ്ങാടി ഉപജില്ല പരിധിയിൽ വരുന്ന മുനിസിപ്പാലിറ്റികളിൽ നിന്നും ഗ്രാമ പഞ്ചായത്തുകളിൽ നിന്നും സാമ്പത്തിക സഹായം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം (1) ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ചേലമ്പ്ര പഞ്ചായത്തിലെ നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ഡിസംബർ 7,8,9,10 എന്നീ തീയതികളിൽ നടക്കുന്ന പരപ്പനങ്ങാടി വിദ്യാഭാസ ഉപജില്ല കേരള സ്കൂൾ കലോത്സവം 2016-17 സംഘാടന ചെലവുകൾക്കായി പരപ്പനങ്ങാടി ഉപജില്ല പരിധിയിൽ വരുന്ന തിരൂരങ്ങാടി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റികളിൽ നിന്ന് 50000/-(അൻപതിനായിരം രൂപ) രൂപയും മുന്നിയൂർ, വള്ളിക്കുന്ന്, ചേലേമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും പരമാവധി 25000/- (ഇരുപത്തി അയ്യായിരം രൂപ)രൂപയും സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

സംഭാവന നൽകുന്ന മുനിസിപ്പാലിറ്റികൾക്കും, ഗ്രാമപഞ്ചായത്തുകൾക്കും പരപ്പനങ്ങാടി വിദ്യാഭാസ ഉപജില്ല കലോത്സവം ജനറൽ കൺവീനർ (പ്രിൻസിപ്പാൾ,നാരായണൻ നായർ മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ ) ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.കെ ബേബി**

സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം